പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1556</u> <u>18.06.2012-ൽ മറുപടിക്ക്</u>

<u>പൗരാവകാശ രേഖയുടെ വിശദാംശങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകൾ ആണ് പൗരാവകാശ രേഖകൾ പ്രസിദ്ധീകരിക്കാത്തത് ; | (എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, കെ.എസ്.ഇ.ബി., മൽസ്യബന്ധന വകുപ്പ്, ഭൂജല വകുപ്പ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, ഹോമിയോപ്പതി വകുപ്പ്, പോലീസ് വകുപ്പ്, ഫയർ & റെസ്ക്യൂ സർവ്വീസ്, ജയിൽ വകുപ്പ്, ഗ്രാമ വികസന വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ഓഫീസ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ് എന്നിവ ഇനിയും പൗരാവകാശരേഖ പ്രസിദ്ധീകരിക്കാനുണ്ട്. |
| ബി) പ്രസ്തുത വകുപ്പുകൾ പൗരാവകാശ രേഖകൾ എന്നത്തേക്ക് പ്രസിദ്ധീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) 01.07.11, 10.08.11, 23.09.11 എന്നീ തീയതികളിലെ 9219/എ.ആർ.12(1)/11/ ഉഭപവ നമ്പർ സർക്കുലറുകൾ പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും/ ഓഫീസുകളും പൗരാവകാശരേഖ പ്രദർശിപ്പിക്കുന്നതിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| സി) പ്രസ്തുത രേഖയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ നിശ്ചിത ദിവസവും/ നിശ്ചിത സമയത്തും പൗരന്മാർക്ക് ലഭിക്കുമെന്നുറപ്പാക്കുന്ന നിയമങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;<br><br>ഡി) പൗരാവകാശരേഖ പ്രസിദ്ധീകരിച്ച വകുപ്പുകളിൽ കാരണം കൂടാതെ പൗരന്മാർക്ക് സേവനം നിഷേധിച്ചാൽ എടുക്കാവുന്ന നടപടി എന്തെല്ലാമാണ് ;<br><br>ഇ) പ്രസ്തുത സേവനങ്ങൾ നിശ്ചിത ദിവസവും സമയത്തും ലഭിക്കാത്തതിനെ തുടർന്ന് എന്തെങ്കിലും നടപടികൾ ഇതിനകം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; | <u>(സി), (ഡി) & (ഇ)</u><br>പ്രസ്തുത പൗരാവകാശരേഖകളിൽ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും ആയതിന്റെ നടപടിക്രമങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി 'കേരള സേവനാവകാശ നിയമം-2012' നിയമസഭ മുമ്പാകെ അവതരിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| എഫ്) സോഷ്യൽ ആഡിറ്റിംഗ് എല്ലാ വകുപ്പുകളിലും നടപ്പിലാക്കുക എന്നത് സർക്കാരിന്റെ നയമാണോ ;<br><br>ജി) സോഷ്യൽ ആഡിറ്റിംഗ് ശാസ്ത്രീയമാക്കാൻ ആവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിന് പരിഹാരമായി നിയമ നിർമ്മാണം നടത്തുമോ ? | <u>(എഫ്)&(ജി)</u><br><br>ഇക്കാര്യത്തിൽ നയപരമായ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.